പതിമൂന്നാം കേരളനിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1850

22-03-2012 - ൽ
മറുപടിക്ക്

# ഭരണ നവീകരണ പരിപാടി

**ചോദ്യം**

ശ്രീ. എ.എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ :

(എ) സംസ്ഥാനത്ത് ഭരണനവീകരണ പരിപാടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയിലൂടെ സംസ്ഥാനത്ത് നടത്താൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(ബഹു. മുഖ്യമന്ത്രി)

(എ) യും (ബി) യും

ഭരണ നവീകരണ പരിപാടി (MGP) 26-10-2002 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 358/2002/ ജി.എ.ഡി. പ്രകാരം നടപ്പിലാക്കുകയും, 03-10-2009 തീയതിയിലെ ജി.ഒ.(ആർ.ടി.) 7783/08/ജി.എ.ഡി പ്രകാരം ഭരണ നവീകരണ പരിപാടി നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടു പൂർത്തിയാക്കുവാനുള്ള പദ്ധതികൾ അതതു വകുപ്പുകൾ വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ